? ചോദ്യോത്തരം
മുജീബ്

# ദൈവസഹായം ലഭിക്കാത്തതെന്ത്?

■ *സമകാലിക ലോകത്തിന് ഇസ്‌ലാമിനെ സമഗ്രമായി പരിചയപ്പെടുത്തുന്നു എന്നവകാശപ്പെടുന്ന പ്രസ്ഥാനമാണല്ലോ ജമാഅത്തെ ഇസ്‌ലാമി. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, സേവന മേഖലകളിൽ സത്യസന്ധമായും വ്യവസ്ഥാപിതമായും ഈ പ്രസ്ഥാനം ഇടപെടുന്നതോടൊപ്പം മറ്റു പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും മാതൃകയാവുകയും ചെയ്യുന്നുവെന്ന പൊതുധാരണയും ഉണ്ട്.*
*ആദർശവും ലക്ഷ്യവും മാർഗവും പ്രവർത്തനങ്ങളും പരിഗണിക്കുമ്പോൾ അത്യാവശ്യ ഘട്ടങ്ങളിൽ അല്ലാഹുവിന്റെ സഹായവും ജനങ്ങളുടെ പിന്തുണയും ലഭിക്കേണ്ട പ്രസ്ഥാനം പക്ഷേ തെരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ പരാജയപ്പെട്ടതെന്തുകൊണ്ട്? എന്തുകൊണ്ട് പടച്ചവന്റെയെങ്കിലും സഹായം പ്രസ്ഥാനത്തിന് ലഭിച്ചില്ല?*
***പി.കെ ഹമീദ് മണ്ണാർക്കാട്***

**സ**മകാലിക ലോകത്തിന് ഇസ്‌ലാമിനെ സമഗ്രമായി പരിചയപ്പെടുത്തുന്നതും പരിചയപ്പെടുത്തിയതുമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി എന്നത് ശരിയാണ്. നാനാ ജീവിതമേഖലകളിൽ അതിന്റെ ഇടപെടൽ മറ്റുള്ളവർക്ക് മാതൃകയാണെന്നതും വാസ്തവമാണ്. എന്നാൽ അതുകൊണ്ടു മാത്രം അതൊരു ജനകീയ പ്രസ്ഥാനമായി വളരണമെന്നില്ല. ഒരു ജനകീയ പ്രസ്ഥാനത്തിനു വേണ്ട ഉപാധികൾ അതിനിയും കൈവരിക്കാനിരിക്കുന്നേയുള്ളൂ. അതിന് പല കാരണങ്ങളുമുണ്ട്.

ഒന്നാമതായി, എളുപ്പത്തിൽ ജനപിന്തുണ നേടാവുന്നതല്ല ജമാഅത്തിന്റെ ആദർശവും ലക്ഷ്യവും പ്രവർത്തന മാർഗവുമൊന്നും. അല്ലാഹുവിന്റെ പരമാധികാരവും ജനങ്ങളുടെ പ്രാതിനിധ്യവും ആദർശമായംഗീകരിച്ച് ജീവിതം ആ ആദർശത്തിന്റെ സംസ്ഥാപനത്തിനായി അർപ്പിക്കുക എന്ന ലക്ഷ്യം അനിസ്‌ലാമിക പ്രത്യയശാസ്ത്രങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ആധിപത്യം പുലരുന്ന ഒരു സമൂഹത്തിൽ അത്രയെളുപ്പത്തിൽ സ്വീകാര്യത നേടാവുന്നതല്ല. അധാർമികതയിലേക്ക് നയിക്കുന്ന ഭരണകൂടവും അതിന്റെ നാനാവിധ ഉപകരണങ്ങളും സത്യത്തിൽനിന്ന് ജനങ്ങളെ തടയാൻ സർവശക്തിയും പ്രയോഗിച്ചുകൊണ്ടിരിക്കെ വിശേഷിച്ചും.

രണ്ടാമതായി, ആദർശപരമായും ജീവിതശൈലിയിലും ഇസ്‌ലാമിൽ നിന്ന് ബഹുദൂരം അകന്നുപോയ മുസ്‌ലിം സമുദായമാണ് പ്രസ്ഥാനത്തിന്റെ പ്രഥമ സംബോധിതർ. അവരെ മതപണ്ഡിതന്മാരും പുരോഹിതന്മാരും സാമുദായിക നേതാക്കളും ചേർന്ന് ഗുരുതരമായി തെറ്റിദ്ധരിപ്പിക്കുക കൂടി ചെയ്തിരിക്കുന്നു. മീഡിയയും തെറ്റിദ്ധാരണ പ്രചാരണത്തിൽ വലുതായ പങ്കുവഹിക്കുകയും ചെയ്യുന്നു. പരിമിതമായ മാധ്യമ സൗകര്യങ്ങളുപയോഗിച്ച് പുകമറ നീക്കി യഥാർഥ രൂപം വ്യക്തമാക്കിക്കൊടുക്കാൻ സമയമെടുക്കും.

മൂന്നാമതായി, ജമാഅത്തെ ഇസ്‌ലാമി ഇനിയും ഒരു രാഷ്ട്രീയ പാർട്ടിയായി രൂപാന്തരപ്പെട്ടിട്ടില്ല. രാഷ്ട്രീയ പാർട്ടിയായി മാറി വേണ്ടത്ര ഒരുക്കങ്ങളോടെ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുമ്പോഴേ ജനങ്ങളുടെ പ്രതികരണം ശരിയായി വിലയിരുത്താൻ പറ്റൂ.

കാര്യകാരണ ബന്ധങ്ങളിലാണ് അല്ലാഹു ഈ ഭൗതിക പ്രപഞ്ചത്തെ സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും. അഭൗതിക മാർഗേണ അത്യപൂർവ ഘട്ടങ്ങളിൽ അല്ലാഹു പ്രവാചകന്മാരെയും വിശ്വാസികളെയും സഹായിച്ചിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, അതെപ്പോൾ, എങ്ങനെ വേണമെന്ന് അല്ലാഹുവാണ് തീരുമാനിക്കേണ്ടത്. ഒന്നുണ്ട്: ആത്മാർഥമായ പ്രാർഥനയും നേരായ ദിശയിലെ പ്രവർത്തനവും തീർച്ചയായും സഫലമാവാതെ വയ്യ. പല കാരണങ്ങളാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടും സീറ്റും പരിമിതമാണെങ്കിലും സുമനസ്സുകളുടെ പിന്തുണയും സഹകരണവും പ്രതീക്ഷയേക്കാൾ എത്രയോ കൂടുതലാണ്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പുരോഗതി തീവ്ര മതനിരാസികളുടെയും മതേതരവാദികളുടെയും ഉറക്കം കെടുത്തുന്നതോടൊപ്പം പാർട്ടി, സമുദായ ബന്ധങ്ങൾക്കതീതമായി ഒട്ടേറെയാളുകളുടെ സൗമ

നസ്യവും അതിന് നേടാനായിട്ടുണ്ട്.

## ഇസ്‌ലാമിസ്റ്റുകളുടെ പരാജയം

■ *ലോകത്ത് മിക്ക രാജ്യങ്ങളിലും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും ഇസ്‌ലാമിസ്റ്റുകൾക്കും തികഞ്ഞ പരാജയമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പാകിസ്താനിലും ബംഗ്ലാദേശിലും അവിടങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയും ഈ 'കയ്പുനീര്' കുടിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ ആദ്യമായി രാഷ്ട്രീയ മത്സരത്തിനിറങ്ങിയ ഇസ്‌ലാമിസ്റ്റുകൾക്ക് വേണ്ടത്ര 'പെർഫോമൻസ്' കാഴ്ച വെക്കാനായില്ല. 'ഇസ്‌ലാമിസ്റ്റുകൾ എവിടെയുണ്ടോ അവിടെയൊന്നും ആരോഗ്യമില്ല' എന്നാണോ?*

***ഇ.സി റംല പള്ളിക്കൽ, റിയാദ്***

**ലോ**കത്തൊരിടത്തും പാർലമെന്ററി ജനാധിപത്യം സംശുദ്ധമോ കുറ്റമറ്റതോ അല്ല. പണവും അധികാര ദുർവിനിയോഗവും കുതന്ത്രങ്ങളും യഥേഷ്ടം പ്രയോഗിച്ച് അധികാരമുറപ്പിക്കാൻ ശ്രമിക്കുന്ന മൂല്യബോധമില്ലാത്ത ഭരണാധികാരികളുടെയും പാർട്ടികളുടെയും നിയന്ത്രണത്തിൽ തെരഞ്ഞെടുപ്പുകൾ നിഷ്പക്ഷമോ സ്വതന്ത്രമോ ആവില്ലെന്ന് എല്ലാവർക്കുമറിയാം. എന്നാലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മാറ്റത്തിന്റെ മാർഗമായി തെരഞ്ഞെടുപ്പുകളെ കാണുന്നത് സമാധാനപരമായ മറ്റു വഴികൾ ഇല്ലാത്തതുകൊണ്ടാണ്. നിരോധിത മുസ്‌ലിം ബ്രദർ ഹുഡിന് അടുത്തിടെ നടന്ന ഈജിപ്തിലെ ദേശീയ അസംബ്ലി തെരഞ്ഞെടുപ്പിൽ ഒരു സീറ്റാണ് ലഭിച്ചത്. കഴിഞ്ഞ തവണ 88 സീറ്റുകൾ നേടിയിരുന്ന സ്ഥാനത്താണിത്. കാരണം വ്യക്തം. അന്താരാഷ്ട്ര നിരീക്ഷകർ ചൂണ്ടിക്കാട്ടിയപോലെ തെരഞ്ഞെടുപ്പ് തീർത്തും പ്രഹസനമായിരുന്നു. മറ്റു പ്രതിപക്ഷ പാർട്ടികൾ ആദ്യമേ തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചതാണ്. പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമി ഇലക്ഷനിൽ പങ്കെടുത്തതേയില്ല. ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ കാവൽ സർക്കാറും ഹസീന വാജിദിന്റെ അവാമിലീഗും വിദേശ ശക്തികളും കടുത്ത ആക്രമണം അഴിച്ചുവിട്ട പശ്ചാത്തലത്തിലാണ് ഇത്തവണ തെരഞ്ഞെടുപ്പ് നടന്നത്. സീറ്റുകൾ രണ്ടേ ലഭിച്ചുള്ളൂവെങ്കിലും 17 സീറ്റുകൾ നേടിയ കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ ഇത്തവണ എട്ട് ലക്ഷം വോട്ടുകൾ അധികമാണ് പാർട്ടിക്ക് ലഭിച്ചത്. തുർക്കിയിലാകട്ടെ, തീവ്ര മതേതര ഭരണഘടനക്കു കീഴിൽ, സൈനികമേധാവികളുടെ സുരക്ഷാ സമിതി ആവോളം പിടിമുറുക്കിയിട്ടും റജബ് ത്വയ്യിബ് ഉർദുഗാന്റെ ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടി ഒറ്റക്ക് കേവല ഭൂരിപക്ഷം നേടി. തുനീഷ്യയിൽ അന്നഹ്ദ പാർട്ടിയെ സൈനുൽ ആബിദീൻ ബിൻ അലിയുടെ മതേതര സർക്കാർ നിരോധിക്കുകയും ഏകപക്ഷീയമായൊരു തെരഞ്ഞെടുപ്പ് പ്രഹസനം നടത്തുകയും ചെയ്തു. ഇലക്ഷൻ തനി പ്രഹസനമായിരുന്നുവെന്നതിന്റെ പ്രത്യക്ഷ സാക്ഷ്യമാണ് ഇപ്പോൾ ജനകീയ പ്രക്ഷോഭത്തിന് മുന്നിൽ പിടിച്ചുനിൽക്കാനാവാതെ ബിൻ അലി രാജ്യത്ത് നിന്ന് ഒളിച്ചോടിയത്. ഇനി അന്നഹ്ദ നേതാവ് റാശിദുൽ ഗനൂശി തിരിച്ചുവരാൻ പോവുന്നു.

ചുരുക്കത്തിൽ ആശയസമരം എത്ര ശക്തമാണെങ്കിലും എതിർപ്പുകൾ എത്ര രൂക്ഷമാണെങ്കിലും സ്വതന്ത്രവും നീതിയുക്തവുമാണ് തെരഞ്ഞെടുപ്പുകളെങ്കിൽ ഇസ്‌ലാമിക പാർട്ടികൾക്ക് ജനപിന്തുണ തെളിയിക്കാൻ കഴിയും. കൈകാലുകൾ വരിഞ്ഞുകെട്ടി ഗോദയിലിറക്കിയ ശേഷം തോറ്റു തൊപ്പിയിട്ടേ എന്ന് വിളിച്ചുകൂവുന്നതിൽ ഒരർഥവുമില്ല. കേരളത്തിലെ പഞ്ചായത്ത് -നഗരസഭ തെരഞ്ഞെടുപ്പിനെ ഈ പട്ടികയിൽ ചേർക്കേണ്ടതേ അല്ല. അതിലെന്ത് സംഭവിച്ചുവെന്ന് മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

## ജമാഅത്തിന്റെ നിലപാട്

■ *"യുദ്ധം അല്ലെങ്കിൽ സന്ധി. ഇങ്ങനെ രണ്ട് രാഷ്ട്രീയാവസ്ഥകളേ ഖുർആനിൽ നിന്നുരുത്തിരിച്ചെടുക്കാൻ കഴിയുകയുള്ളൂ എന്ന ഒരു സിദ്ധാന്തം കേൾക്കാൻ കഴിഞ്ഞു. അത് പരസ്യപ്പെടുത്തുകയും വേണമത്രെ. അതിന്റെ ഇസ്‌ലാമികാടിത്തറ പരിശോധിക്കേണ്ടതുണ്ട്. അതിനു മുമ്പ് ഉയർന്നുവരുന്ന ചില സംശയങ്ങൾ ഇവിടെ കുറിക്കട്ടെ, 'ഇസ്‌ലാമിക പ്രസ്ഥാന'ത്തിന്റെ പ്രഖ്യാപിതനിലപാട് തന്നെയാണോ അത്? 'തീവ്രവാദ' വിരുദ്ധ പ്രവർത്തനങ്ങളിൽ പ്രസ്ഥാനത്തോട് സഹകരിക്കുന്ന സംഘടനകൾ അത് അംഗീകരിക്കുന്നുണ്ടോ? ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളിൽ ഓരോന്നിനോടും ഈ രണ്ടിൽ ഏതു നിലപാടാണ് പ്രസ്ഥാനം എടുത്തിട്ടുള്ളതെന്ന് വിവരിക്കാമോ? ആർ.എസ്.എസ്സിനോട് സന്ധിയാണോ യുദ്ധമാണോ? സന്ധിയാണെങ്കിൽ അതിലെ വ്യവസ്ഥകൾ എന്താണ്? ജമാഅത്തുകാരല്ലാത്തവരെയെല്ലാം വധിക്കുന്നതിന് വിരോധമില്ലെന്ന് സന്ധിയിൽ വ്യവസ്ഥ ഉണ്ടോ? ബാബരി മസ്ജിദിനെക്കുറിച്ച് എന്താണ് അതിൽ പറയുന്നത്? ശിവസേനയോട് സന്ധിയുണ്ടാക്കിയിട്ടുണ്ടോ? അതോ യുദ്ധ പ്രഖ്യാപനം നടത്തിയോ? മുസ്‌ലിം ലീഗിനോട് യുദ്ധമാണോ സന്ധിയാണോ? ബി.ജെ.പിയോടും എതിരാളിയായ സി.പി.എമ്മിനോടും ഒരേസമയം സന്ധിക്ക് സാധ്യമായത് എങ്ങനെ? കോൺഗ്രസ്സിനോടുള്ള നിലപാടൊന്നു വിശദീകരിക്കാമോ? ഇന്ത്യൻ ഭരണഘടനയോടും നിയമവ്യവസ്ഥയോടും ജമാഅത്തെ ഇസ്‌ലാമിയുടെ പഴയ നിലപാട് എന്തായിരുന്നു? പുതിയ നിലപാട് എന്താണ്? വരാനിരിക്കുന്ന നിലപാട് എന്തായിരിക്കും? അതായത്, സംഘടന ഭരണഘടനയിൽ വാഗ്ദാനം ചെയ്ത ഇസ്‌ലാമിക ഭരണകൂടം വന്നാലുള്ള നിലപാട്?" (തേജസ് ദ്വൈവാരിക, 2008 ജൂൺ 1-15). മുജീബിന്റെ പ്രതികരണം?*

***കെ.കെ.എം ജസീർ പറക്കുളം***

**യു**ദ്ധം അല്ലെങ്കിൽ സന്ധി എന്ന പരികൽപന തന്നെ വസ്തുതാപരമല്ല. യുദ്ധം അല്ലെങ്കിൽ സമാധാനം എന്നതാണ് ശരി. സമാധാനത്തിന്റെ വഴി ചിലപ്പോൾ സന്ധികളാവാം. എന്നാൽ സന്ധിയൊന്നുമില്ലെങ്കിലും യുദ്ധം അനിവാര്യമാകുന്നില്ല. പ്രതിരോധത്തിനു വേണ്ടിയാണ് യുദ്ധം. ആക്രമണമില്ലെങ്കിൽ പിന്നെ പ്രത്യാക്രമണവുമില്ല. ഇസ്‌ലാമിന് രാഷ്ട്രീയാധികാരം കൈവരുന്നേടത്താണ് ഇങ്ങനെയൊരു പ്രശ്നം തന്നെ ഉദിക്കുന്നത്. സ്വതന്ത്ര ഇന്ത്യയിൽ ഒരു മതനിരപേക്ഷ ജനാധിപത്യ ഭരണഘടനക്കു കീഴിൽ മുസ്‌ലിംകളും അമുസ്‌ലിംകളും തുല്യാ

വകാശങ്ങളുള്ള പൗരന്മാരാണ്. അവർ പരസ്പരം യുദ്ധമോ സന്ധിയോ ഇല്ല; അതിന്റെ ആവശ്യവും പ്രസക്തിയും ഇല്ല. ഒരു സമുദായം മറ്റേ സമുദായത്തിനെതിരെ അക്രമണാസക്തമായി എന്ന് സങ്കൽപിച്ചാൽ തന്നെ ഇവിടെ നിയമവാഴ്ചയും കോടതികളുമുണ്ട്. അതിലൂടെയാണ് പ്രശ്നപരിഹാരം തേടേണ്ടത്.

ഇന്ത്യാരാജ്യത്ത് സർവ പാർട്ടികളും വ്യക്തികളും മത സമുദായ ഭേദമന്യേ പ്രബോധിതർ എന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വീക്ഷണം. എല്ലാവരെയും അല്ലാഹുവിലേക്കും പ്രവാചകനിലേക്കും ക്ഷണിക്കുകയാണ് പ്രസ്ഥാനത്തിന്റെ ദൗത്യം. ആദ്യമേ ആ മാർഗം സ്വീകരിച്ച മുസ്‌ലിംകളെ വ്യതിചലനങ്ങളിൽ നിന്ന് സംസ്കരിക്കാനാണ് ശ്രമം. ആരെയും ശത്രുക്കളായി പ്രസ്ഥാനം കാണുന്നില്ല. ഫാഷിസത്തെ വിനാശകരമായ ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ എതിർക്കുന്നു. അതേയവസരത്തിൽ ആർ.എസ്.എസ്സുകാർക്കും സത്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നൽകുന്നു. ആ സംഘടന മതന്യൂനപക്ഷങ്ങൾക്കെതിരെ നടത്തുന്ന ആക്രമണങ്ങളെ ഒതുക്കാനും ന്യൂനപക്ഷങ്ങളുടെ ജീവൻ, ധനം, മാനം എന്നിവ രക്ഷിക്കാനും ഭരണകൂടത്തെ പ്രേരിപ്പിക്കുന്നു, മതേതര പാർട്ടികളെ ബോധവത്കരിക്കുന്നു, പാർലമെന്ററി ജാധിപത്യത്തിൽ ഫാഷിസ്റ്റുകൾ അധികാരത്തിൽ വരാതിരിക്കാൻ വേണ്ടത് ചെയ്യുന്നു. ഇതല്ലാതെ എന്തു വഴിയാണ് പോപ്പുലർ ഫ്രണ്ട് സ്വീകരിക്കുന്നത്? അണികൾക്ക് ആയുധ പരിശീലനവും കായിക പരിശീലനവും നൽകി ജനകീയ മിലീഷ്യ ഉണ്ടാക്കി ഫാഷിസ്റ്റ് ശക്തികളെ നേരിടുകയോ? എങ്കിൽ അക്കാര്യം തുറന്നു പറഞ്ഞ് പരസ്യമായി നിയമം കൈയിലെടുക്കാൻ ധൈര്യപ്പെടാത്തതെന്ത്? പാത്തും പതുങ്ങിയും നിഷേധിച്ചും നിയമപാലകരെ കുറുക്കുവഴിയിൽ സ്വാധീനിക്കാൻ ശ്രമിച്ചും നടത്തുന്ന 'ജിഹാദ്' ആര് പഠിപ്പിച്ചതാണ്? ഏതായാലും ഭീരുക്കളുടെ 'ജിഹാദ്' ജമാഅത്തെ ഇസ്‌ലാമിയുടെ വഴിയല്ലെന്ന് മാത്രം പറയട്ടെ.

## മില്ലി കൗൺസിൽ

■ *ആൾ ഇന്ത്യ മില്ലി കൗൺസിലിന്റെ ഒരു ദേശീയ സമ്മേളനം മഞ്ചേരിയിൽ നടക്കുകയുണ്ടായി. 'മില്ലി കൗൺസിൽ' എന്നത് ഒരു മത സംഘടന ആണോ?അതോ പേഴ്സനൽ ലോ ബോർഡ് പോലെ വിവിധ സംഘടനകളുടെ സംയുക്ത വേദിയാണോ? മഞ്ചേരി സമ്മേളനത്തിനും പ്രചാരണത്തനും നേതൃത്വം നൽകിയത് എസ്.ഡി.പി.ഐ-പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായിരുന്നു എന്നത് ശ്രദ്ധേയമാണ്. ജമാഅത്തെ ഇസ്‌ലാമിയുമായി മില്ലി കൗൺസിലിന്റെ ബന്ധം എങ്ങനെ?*

***സബാഹ് മങ്ങാട്ടുപുലം***

**വി**വിധ മുസ്‌ലിം സംഘടനകൾ ചേർന്ന സംയുക്ത വേദിയാണ് മില്ലി കൗൺസിൽ. ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ മാതൃകയിൽ സമുദായത്തിന്റെ പൊതു പ്രശ്നങ്ങളുടെ പരിഹാരത്തിനും മുസ്‌ലിംകളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഇടപെടാനുമാണ് അത് നിലവിൽ വന്നത്. മുസ്‌ലിം മജ്‌ലിസെ മുശാവറ നിലവിലിരിക്കെ അതേ സ്വഭാവത്തിലുള്ള മറ്റൊരു വേദിയുടെ പ്രസക്തി ബോധ്യപ്പെടാതിരുന്ന ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് മില്ലി കൗൺസിലിൽ ചേരുകയുണ്ടായില്ല. ഡോ. മൻസൂർ ആലമാണ് മില്ലി കൗൺസിലിന്റെ ചാലകശക്തി ആയിരുന്നത്. അദ്ദേഹത്തോട് അടുപ്പമുള്ളവരാണ് പോപ്പുലർ ഫ്രണ്ടിന്റെ ശിൽപികൾ. സ്വാഭാവികമായും അവർക്ക് മില്ലി കൗൺസിലിൽ നിർണായക സ്വാധീനമുണ്ട്.

## കൈവെട്ടാനും ന്യായം

■ *കൈവെട്ടിനെ ന്യായീകരിക്കാനും സോളിഡാരിറ്റി പ്രവർത്തകർ രക്തം കൊടുത്തതിനെ അപലപിക്കാനും ഖുർആനിൽ സൂറ അൽ മുജാദലയിലെ അവസാനത്തെ ഭാഗം എടുത്ത് ഉദ്ധരിക്കുകയും സംവാദങ്ങൾ നടത്തുകയും ചെയ്യുക പോപ്പുലർ ഫ്രണ്ട് അനുഭാവികളായ പല മൗലവിമാരുടെയും പതിവായിരിക്കുന്നു. അല്ലാഹുവിനോടും അവന്റെ ദൂതനോടും വിരോധം പുലർത്തുന്നവരായ അന്യ മതസ്ഥരോട് ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും മൈത്രി സ്ഥാപിച്ചിരിക്കുന്നുവെന്നും അതിനാലാണ് അവർ രക്തം കൊടുത്തതെന്നുമാണ് പ്രചാരണം.*

*പ്രവാചക നിന്ദക്കെതിരെ കൈവെട്ടിയവരാണ് അല്ലാഹുവിന്റെ പാർട്ടി (ഹിസ്ബുല്ല), അവരാണ് വിജയം വരിക്കുന്നവർ എന്ന രീതിയിലാണ് സംസാരം. ഇതിന്റെ യാഥാർഥ്യം എന്താണ്? കൈവെട്ടുകയും തല വെട്ടുകയും ചെയ്യുന്ന ഇത്തരക്കാർ ഇതൊക്കെ ചെയ്തിട്ട് പിടിക്കപ്പെടാതിരിക്കാൻ ഒളിവിൽ പോവുകയും കള്ളം പറയുകയും ചെയ്യുന്നതെന്തിനാണ്? ഈ ആയത്തിന്റെ പശ്ചാത്തലം ഇവർ പ്രചരിപ്പിക്കുന്നതുപോലെ വല്ലതുമാണോ?*

***ടി.എസ് അബ്ദുൽ ഹമീദ് ചുങ്കപ്പാറ***

**ഖു**ർആൻ ആർക്കും തിരുത്താനോ അതിന്മേൽ കൈവെക്കാനോ സാധ്യമല്ലെന്നിരിക്കെ, അതിന്റെ ദുർവ്യാഖ്യാനങ്ങളിൽ അഭയം തേടുകയാണ് വഴിതെറ്റിയ എല്ലാ വിഭാഗങ്ങളും മുമ്പേ ചെയ്തുവന്നിട്ടുള്ളത്. ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കിയ പ്രവാചക പരിസമാപ്തിയെ നിരാകരിക്കുന്ന ഖാദിയാനികൾക്കും തെളിവ് ഖുർആൻ തന്നെയാണല്ലോ. സുന്നത്ത് നിഷേധികളുടെ ന്യായവാദങ്ങളും ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചുകൊണ്ടുതന്നെ. എന്നിരിക്കെ കൈവെട്ടുകാർ മാത്രം ഖുർആനെ വെറുതെ വിടണമെന്നില്ല.

സൂറ അൽ മുജാദലയുടെ അവസാന സൂക്തത്തിന്റെ ആശയം ഇങ്ങനെ: അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ജനത്തെ, അല്ലാഹുവിനോടും അവന്റെ ദൂതനോടും വിരോധം പുലർത്തുന്നവരോട് മൈത്രിയുള്ളവരായി താങ്കൾ ഒരിക്കലും കാണുകയില്ല; ആ വിരോധികൾ അവരുടെ പിതാക്കളോ സന്തതികളോ സഹോദരരോ മറ്റു കുടുംബാംഗങ്ങളോ ആയിരുന്നാലും ശരി... (58:22). ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം അബൂഉബൈദ(റ) ബദ്ർ യുദ്ധവേളയിൽ സ്വന്തം പിതാവനോടേറ്റുമുട്ടി അദ്ദേഹത്തിന്റെ കഥ കഴിച്ച സംഭവമാണെന്ന് ഹാകിം, ബൈഹഖി മുതൽ പേർ ഉദ്ധരിച്ച ഒരു ഹദീസിലുണ്ട്. എന്തായാലും അല്ലാഹുവിനോടും പ്രവാചകനോടുമുള്ള സ്നേഹവും അവരുടെ ശത്രുക്കളോടുള്ള മൈത്രിയും ഒരുമിച്ചു പോവുകയില്ലെന്നാണ് ഖുർആൻ സൂക്ത

ത്തിന്റെ വിവക്ഷ. പോപ്പുലർ ഫ്രണ്ടുകാർ പ്രഫസർ ജോസഫിന്റെ കൈവെട്ടിയത് അദ്ദേഹം അല്ലാഹുവിന്റെയും പ്രവാചകന്റെയും ശത്രുവാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ? ആണെങ്കിൽ അതിനുള്ള തെളിവെന്ത്? താൻ വിവാദ ചോദ്യപേപ്പർ തയാറാക്കിയപ്പോൾ പ്രവാചകനെ കുറിച്ച ഒരു ചിന്തയും തന്റെ മനസ്സിലുണ്ടായിരുന്നില്ലെന്ന് അദ്ദേഹം ആണയിട്ടു പറയുന്നു. മുഹമ്മദ് എന്ന പേർ എവിടെ എങ്ങനെ വന്നാലും അത് പ്രവാചകനെക്കുറിച്ചായിരിക്കുമെന്ന് ആരാണ് പറഞ്ഞത്? ഇനി അങ്ങനെയും സംശയിക്കാമെന്ന് വെച്ചാൽ തന്നെ താനങ്ങനെ ഉദ്ദേശിച്ചില്ലെന്ന് ആരോപിതൻ സത്യം ചെയ്തു പറഞ്ഞാൽ അത് അംഗീകരിക്കേണ്ടതില്ലെന്ന് ഖുർആനിലുണ്ടോ? വിചാരണയോ തെളിവെടുപ്പോ നടത്താതെ കേട്ട പാതി, കേൾക്കാത്ത പാതി ആരോപിതനെ വെട്ടിക്കൊല്ലുകയാണ് വേണ്ടതെന്ന വാദം എന്ത് നീതിയാണ്? കുറ്റം തെളിഞ്ഞാൽ തന്നെ ശിക്ഷ നടപ്പാക്കേണ്ടത് പോപ്പുലർ ഫ്രണ്ടുകാരോ മറ്റേതെങ്കിലും ക്വട്ടേഷൻ സംഘങ്ങളോ ആണെന്ന് ഏത് ഖുർആൻ സൂക്തം വ്യാഖ്യാനിച്ചാണ് ബോധ്യപ്പെടുത്താനാവുക?

അന്തരീക്ഷം തണുപ്പിക്കാനും കൂടുതൽ വലിയ ദുരന്തമായി സംഭവം വളരാതിരിക്കാനും പ്രഫ. ജോസഫിന് സോളിഡാരിറ്റി രക്തം കൊടുത്തു. അത് എങ്ങനെയാണ് അല്ലാഹുവിന്റെ ശത്രുവിനോട് മൈത്രീബന്ധം സ്ഥാപിക്കലാവുക? ക്ഷമയും സംയമനവും സഹിഷ്ണുതയും വിട്ടുവീഴ്ചയും കാണിച്ചാൽ കഠിന ശത്രുപോലും മിത്രമായി മാറുമെന്ന ഖുർആൻ സൂക്തം ആർക്കു വേണ്ടിയുള്ളതാണ്? ആ സൂക്തം ദുർബപ്പെട്ടുപോയെന്നാണോ കൈവെട്ടിനെ ന്യായീകരിക്കുന്ന പുരോഹിതന്മാരുടെ വാദം? ഭീരുത്വപരമായ ഓപറേഷൻ നടത്തി ഒളിവിൽ പോവുന്നതും കള്ളവും കൈക്കൂലിയും മുഖേന കേസ്സൊതുക്കുന്നതുമൊക്കെ പവിത്ര ജിഹാദാണെന്ന് ഓതിക്കൊടുത്തവർ ഇമ്മാതിരി പണ്ഡിതന്മാരാണെങ്കിൽ അവരിൽ നിന്ന് സമുദായത്തെ പടച്ചവൻ രക്ഷിക്കട്ടെ എന്നേയുള്ളൂ പ്രാർഥന. ■